**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4208** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് കേന്ദ്രീയവിദ്യാലത്തിന്റെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന നാഷണൽ തെർമൽ കോർപ്പറേഷന്റെ കീഴിലുള്ള കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ / എൻ.ടി.പി.സി. നീക്കം നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്ത് നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം തുടർനടപടികളാണ് ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ; | (ബി) | എൻ. ടി. പി .സി യുടെ സ്പോൺസർഷിപ്പോടുകൂടി പ്രവർത്തിച്ചുവരുന്ന കേന്ദ്രീയ വിദ്യാലയത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന് 2022 മാർച്ചിന് ശേഷം സാമ്പത്തിക സഹായം നൽകുവാൻ നിർവാഹമില്ല എന്നതാണ് എൻ.ടി.പി.സി അധികൃതരുടെ നിലപാട് .സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാർ എൻ. ടി പി .സി. യിൽ നിന്നും ഏറ്റെടുത്ത് കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിനു നൽകുന്നപക്ഷം വിദ്യാലയം പ്രൊജക്റ്റ് സെക്ടറിൽ നിന്നും സിവിൽ സെക്ടറിലേക്ക് മാറ്റി നടത്തുവാൻ ധാരണയായിട്ടുണ്ട് . ഭൂമി കൈമാറാനുള്ള നടപടികൾ പൂർത്തീകരിക്കും വരെ കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ട് പോകുന്നതിന് കേന്ദ്രീയ വിദ്യാലയ സമിതിയും എൻ. ടി. പി. സി യും നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | എൻ.ടി.പി.സി. കേന്ദ്രീയവിദ്യാലയത്തിന്റെ പ്രവർത്തനം ഒരു സിവിൽ സെക്ടർ കെ.വി. സ്കൂളായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | എൻ. ടി. പി .സി യുടെ സ്പോൺസർഷിപ്പോടുകൂടി പ്രവർത്തിച്ചുവരുന്ന കേന്ദ്രീയ വിദ്യാലയത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന് 2022 മാർച്ചിന് ശേഷം സാമ്പത്തിക സഹായം നൽകുവാൻ നിർവാഹമില്ല എന്നതാണ് എൻ.ടി.പി.സി അധികൃതരുടെ നിലപാട്. സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാർ എൻ. ടി പി .സി. യിൽ നിന്നും ഏറ്റെടുത്ത് കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിനു നൽകുന്നപക്ഷം വിദ്യാലയം പ്രൊജക്റ്റ് സെക്ടറിൽ നിന്നും സിവിൽ സെക്ടറിലേക്ക് മാറ്റി നടത്തുവാൻ ധാരണയായിട്ടുണ്ട് . ഭൂമി കൈമാറാനുള്ള നടപടികൾ പൂർത്തീകരിക്കും |

| | | | |
|---|---|---|---|
| | | | വരെ കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ട് പോകുന്നതിന് കേന്ദ്രീയ വിദ്യാലയ സമിതിയും എൻ. ടി. പി. സി യും നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എൻ.ടി.പി.സി. കേന്ദ്രീയവിദ്യാലയത്തിലെ അനിശ്ചിതത്വം പരിഹരിക്കുന്നതിന് എം.എൽ.എ, എംപി എന്നിവരുടെ സാന്നിധ്യത്തിൽ എൻ.ടി.പി.സി.യിലേതടക്കം ഉയർന്ന ഉദ്യോഗസ്ഥരുടെ ഒരു മീറ്റിംഗ് വിളിച്ചു ചേർത്ത് തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ